

DISCOVER
ITS BEAUTY

ഭാഗം 3

# ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ

ഡോ. നാജി ഇബ്രാഹീം



സന്തുഷ്ടവും സംതൃപ്തവും ശാശ്വതവുമായ ജീവിതത്തിലേക്കുള്ള കവാടം ഏകസത്യദൈവമായ അല്ലാഹുവിലും അവന്റെ അന്ത്യദൂതൻ മുഹമ്മദ് നബിയിലുമുള്ള വിശ്വാസമാണെന്ന് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു.

മനസ്സമാധാനവും സന്തോഷവും മോക്ഷവും കരസ്ഥമാക്കാൻ ദൈവത്തിലും ദൈവദൂതന്മാരിലും വിശ്വസിച്ചാൽ മാത്രം പോരാ എന്നും, ദൈവത്തെ മാത്രം ആരാധിച്ച്, അവന്റെ കൽപ്പനകൾ അനുസരിച്ച്, സൽകർമങ്ങളിലേർപ്പെട്ട്, ദൈവഹിതം നാം നടപ്പിലാക്കുക കൂടി വേണമെന്നും ഇസ്ലാം നമ്മോട് പറയുന്നു.

കൂടാതെ, ദൈവത്തിൽ വിശ്വസിച്ച്, അവനെ മാത്രം ആരാധിച്ച്, സൽകർമങ്ങൾ ചെയ്യുന്നവർക്ക് പാപമോചനവും പ്രതിഫലവും സ്വർഗവും ഒരുക്കിയിട്ടുണ്ടെന്ന് അല്ലാഹു ഖുർആനിലൂടെ നമ്മെ അറിയിക്കുന്നു.

- **വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അക്കൂട്ടർ സ്വർഗത്തിന്റെ ആൾക്കാരാകുന്നു: അവർ അതിൽ നിത്യവാസികളായിരിക്കും. (2:82)**

- **വിശ്വസിക്കുകയും, സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോടു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർക്കു പാപമോചനവും, മഹത്തായ പ്രതിഫലവും ഉണ്ട് (എന്നു). (5:9)**

- **വിശ്വസിക്കുകയും: സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ, നിശ്ചയമായും "ഫിർദൗസാ"കുന്ന (അത്യുന്നത) സ്വർഗ്ഗങ്ങൾ അവർക്കു ആതിഥ്യസൽക്കാരമായിരിക്കുന്നതാണ്. (18:107)**



# ഇസ്ലാമിന്റെ അർത്ഥം

ഏകസത്യദൈവമായ അല്ലാഹ്ഹുവിന്റെ ഹിതത്തിന് വിധേയപ്പെടലാണ് ഇസ്ലാം. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക **(തൗഹീദ്),** അവനെ മാത്രം ആരാധിക്കുക, അവന്റെ കൽപനകൾ അനുസരിക്കുക, അവന്റെ ഹിതത്തിനായി സ്വയം സമർപ്പിക്കുക എന്നിവയാണ് എല്ലാ ദൈവദൂതന്മാരിലേക്കും അല്ലാഹ്ഹു അയച്ച സന്ദേശത്തിന്റെ അന്തഃസത്ത. '**ഇസ്ലാം**' എന്ന അറബി വാക്കിന്റെ അർത്ഥം തന്നെ '**സമർപ്പണം**' എന്നാണല്ലോ,

ദൈവദൂതന്മാരെല്ലാവരും ഒരേ സന്ദേശമാണ് ഉദ്ഘോഷിച്ച തെന്നതിനാൽ അവരുടെ മതവും നിശ്ചയമായും ഒന്നായിരിക്കണം. ആദമിന്റെയും ഹവ്വയുടെയും ലോകാവസാനം വരെയുള്ള അവരുടെ പിന്മുറക്കാരുടെയും യഥാർത്ഥ മതം **ഇസ്ലാം അഥവാ ദൈവ സമർപ്പണമാ**ണെന്ന് ഖുർആൻ ഉറപ്പിച്ച് പറയുന്നു. ഖുർആൻ പറയുന്നു:

- **നിശ്ചയമായും, മതം അല്ലാഹ്ഹുവിന്റെ അടുക്കൽ ഇസ്ലാമാകുന്നു (ദൈവ സമർപ്പണം) (3:19)**

- **പറയുക: നിശ്ചയമായും, അല്ലാഹ്ഹുവിന്റെ നേർമാർഗ്ഗം തന്നെയാണു (യഥാർത്ഥ) നേർമാർഗ്ഗം. ലോകരക്ഷിതാവിനു കീഴൊതുങ്ങുവാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു താനും. (6:71)**

- **അപ്പോൾ, അല്ലാഹ്ഹുവിന്റെ മതമല്ലാത്തതിനെ [മറ്റൊരു മതത്തെ] യാണോ അവർ ആവശ്യപ്പെടുന്നത്? അവന് ആകാശഭൂമികളിലുള്ളവർ (എല്ലാം) – അനുസരണ പൂർവമോ, നിർബന്ധ പൂർവമോ – കീഴൊതുങ്ങുകയും ചെയ്തിരിക്കുന്നു (എന്നിരിക്കെ)!– അവനിലേക്കു തന്നെ അവർ മടക്കപ്പെടുകയും ചെയ്യുന്നു (എന്നുമിരിക്കെ)! (3:83)**



- **(സത്യവിശ്വാസികളേ) നിങ്ങൾ പറയുവിൻ: ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും, ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും, മൂസാക്കും, ഈസാക്കും നൽകപ്പെട്ടതിലും, പ്രവാചകൻമാർക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് നൽകപ്പെട്ടതിലും (എല്ലാം) വിശ്വസിച്ചിരിക്കുന്നു. അവരിൽ നിന്ന് ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം വരുത്തുന്നില്ല. ഞങ്ങൾ അവന് [അല്ലാഹുവിന്] കീഴൊതുങ്ങിയവരും [മുസ്‌ലിംകളും] ആകുന്നു. (2:136)**

  ആശ്ചര്യകരമെന്ന് പറയട്ടെ, ഇസ്‌ലാമിന്റെ ഈ ആശയം ബൈബിളും പറയുന്നത് നമുക്ക് കാണാം.

- **ദൈവത്തിനു സമർപ്പിക്കുകയും അവനുമായി സമാധാനത്തിലായിരിക്കുകയും ചെയ്യുക. അതിലൂടെ നിങ്ങൾക്ക് ഐശ്വര്യം വന്നെത്തും.** (ഇയ്യോബ് – 22:21)

- **അതിനാൽ നിങ്ങൾ ദൈവത്തിനു സമർപ്പിതരാകുവിൻ.** (യാക്കോബ് – 4:7)

  സൽകർമങ്ങളും ധർമപ്രവർത്തനങ്ങളും കൂടാതെയുള്ള ദൈവ വിശ്വാസം കൊണ്ട് മാത്രം മോക്ഷവും അനശ്വര ജീവിതവും (സ്വർഗം) കരസ്ഥമാക്കാൻ കഴിയില്ലെന്ന ഇസ്‌ലാമികാധ്യാപനങ്ങൾക്ക് സമാനമായി, ബൈബിൾ പറയുന്നു.

- **ദൈവമായ ഞാൻ ഹൃദയം പരിശോധിച്ച് മനസ്സ് പരീക്ഷിച്ച്, ഓരോരുത്തർക്കും പെരുമാറ്റവും പ്രവൃത്തിയുമനുസരിച്ച് പ്രതിഫലം നൽകുന്നു.** (യിരെമ്യാവ് – 17:10)

- **ഒരു മനുഷ്യൻ വിശ്വാസത്താൽ മാത്രമല്ല, പ്രവൃത്തികളാൽ തന്നെ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു............ ഇങ്ങനെ, ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നത് പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു.** (യാക്കോബ്– 2: 24–26)



# പ്രവർത്തന നിരതരായ മുസ്‌ലിംകൾ

മുസ്‌ലിംകൾ നിശ്ചയമായും, ഏകസത്യദൈവമായ അല്ലാഹുവിൽ വിശ്വസിക്കുന്നതോടൊപ്പം, സൽകർമങ്ങളിലേർപ്പെടുക കൂടി ചെയ്യുന്നു. ഏകദൈവത്തിൽ വിശ്വസിക്കുക, പ്രാർത്ഥിക്കുക, സാഷ്ടാംഗം ചെയ്യുക, ഉപവസിക്കുക, ദാനധർമങ്ങൾ ചെയ്യുക, ഭാവി കാര്യങ്ങൾ പറയുമ്പോൾ "അല്ലാഹു ഉദ്ദേശിച്ചാൽ" (**ഇൻശാ അല്ലാഹ്**) എന്ന് കൂടെ പറയുക, "നിങ്ങളിൽ ദിവ്യശാന്തി വർഷിക്കട്ടെ" (**അസ്സലാമു അലൈക്കും**) എന്ന ദൈവദൂതന്മാരുടെ അഭിവാദ്യം ഉപയോഗിക്കുക എന്നിങ്ങനെ, മുഹമ്മദ്, ഈസ തുടങ്ങിയ എല്ലാ ദൈവദൂതന്മാരുടെയും അധ്യാപനങ്ങളും കല്പനകളും അവർ ശിരസ്സാവഹിക്കുന്നു.

അല്ലാഹുവിന്റെ എല്ലാ ദൂതന്മാരും പ്രതിനിധാനം ചെയ്യുന്ന മഹത്തായ, മനോഹരമായ **ഇസ്‌ലാം (ദൈവ സമർപ്പണം)** മതത്തിന്റെ സത്യവും ഏകതയും സാർവത്രികതയും വ്യക്തമായി പ്രകടമാകുന്ന ഏതാനും ഉദാഹരണങ്ങളും തെളിവുകളും മാത്രമാണിവ.

പ്രായോഗികമായി പറഞ്ഞാൽ, ഒരു മുസ്‌ലിം അല്ലെങ്കിൽ ഇസ്‌ലാം സ്വീകരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി, ഇസ്‌ലാമിന്റെ വിശ്വാസ പ്രമാണങ്ങളും അടിസ്ഥാന തത്വങ്ങളും വിശ്വസിക്കൽ അനിവാര്യമാണ്.




അല്ലാഹു
الله

1. **അല്ലാഹുവിലുള്ള (ദൈവത്തിലുള്ള) വിശ്വാസം–** അല്ലാഹുവിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും (അറബിയിൽ തൗഹീദ്) അധീശത്വത്തിലും അവന്റെ അതുല്യമായ നാമങ്ങളിലും വിശേഷണങ്ങളിലും, അവൻ മാത്രമേ ആരാധനക്കർഹനുള്ളൂ എന്നുമുള്ള വിശ്വാസം.

ഏക സത്യദൈവമായ അല്ലാഹുവിന്റെ നാമങ്ങളെയും വിശേഷണങ്ങളെയും കുറിച്ച് വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ മഹത്വം നമുക്കൊരിക്കലും യഥാവിധി ഗ്രഹിക്കാൻ കഴിയില്ല, എന്നാൽ, അല്ലാഹുവിനെ അടുത്തറിയുന്തോറും നമുക്കവനെ കൂടുതൽ സ്നേഹിക്കാനും ആരാധിക്കാനും സാധിക്കും.

താഴെ പറയുന്നവ അല്ലാഹുവിന്റെ അല്പം ചില നാമങ്ങളും വിശേഷണങ്ങളുമാണ്.
**അല്ലാഹു** (ദൈവത്തിന്റെ ശരിയായ നാമം), **കർത്താവ്, ഏക സത്യ ദൈവം, കരുണാമയൻ, കരുണാനിധി, സ്രഷ്ടാവ്, പരമാധികാരി, പരിശുദ്ധൻ, പവിത്രൻ, വാഴ്ത്തപ്പെട്ടവൻ, സമാധാനത്തിന്റെയും പൂർണതയുടെയും ഉറവിടം, ന്യായാധിപൻ, സർവജ്ഞൻ, എല്ലാം കാണുന്നവൻ, എല്ലാം കേൾക്കുന്നവൻ, മഹോന്നതൻ, എല്ലാം മാപ്പാക്കുന്നവൻ, അത്യുന്നതൻ, ഉദാത്തൻ, അത്യധികം സ്നേഹമുള്ളവൻ, അതി ദയാലു, കടാക്ഷിക്കുന്നവൻ, പരമാർത്ഥം.**

മുഹമ്മദ് നബി (ദിവ്യശാന്തി അവരിൽ സദാ വർഷിക്കട്ടെ) പറഞ്ഞു: **"തീർച്ചയായും അല്ലാഹു സുന്ദരനാണ്. അവൻ സൗന്ദര്യം ഇഷ്ടപെടുന്നു."**





**2. അല്ലാഹുവിന്റെ മാലാഖമാരിലുള്ള വിശ്വാസം–** അല്ലാഹുവിനെ സ്തുതിക്കാനും അവന്റെ കൽപനകൾ നിറവേറ്റി അവനെ അനുസരിക്കാനും സൃഷ്ടിക്കപ്പെട്ട മാലാഖമാരിലുള്ള വിശ്വാസം.

**3. ദിവ്യ വെളിപാടുകളിലുള്ള വിശ്വാസം–** ഇബ്രാഹീം, ദാവൂദ്, മൂസ, ഈസ എന്നിവർക്കവതരിച്ച അല്ലാഹുവിന്റെ യഥാർത്ഥ വചനങ്ങൾ ഉൾപ്പെടെയുള്ള വെളിപാടുകളിലുള്ള വിശ്വാസം. മുഹമ്മദ് നബിക്ക് അവതരിച്ച വിശുദ്ധ ഖുർആൻ പവിത്രവും ആധികാരികവുമായ അന്തിമ വേദഗ്രന്ഥമാണ്.

**4. ദൈവദൂതന്മാരിലുള്ള വിശ്വാസം–** ആദം, നൂഹ്, ഇബ്രാഹീം, മൂസ, യഹ്‌യ, ഈസ, മുഹമ്മദ് എന്നിവരുൾപ്പെടെയുള്ള എല്ലാ ദൈവദൂതന്മാരിലുമുള്ള വിശ്വാസം. യഥാർത്ഥത്തിൽ, ഏകസത്യ ദൈവമായ സ്രഷ്ടാവായ അല്ലാഹു നിയോഗിച്ച മൂസയിലും ഈസയിലും (മറ്റു ദൂതന്മാരിലും) വിശ്വസിക്കുന്നില്ലെങ്കിൽ ഒരു മുസ്‌ലിം യഥാർത്ഥ വിശ്വാസിയാകുകയില്ല.

5. വിചാരണയുടെയും വിധികല്പനയുടെയും ദിവസമായ **അന്ത്യദിനത്തിലുള്ള വിശ്വാസം–** അന്നേ ദിവസം, ദൈവ വിശ്വാസത്തിന്റെയും സൽകർമങ്ങളുടെയും തോതനുസരിച്ച് എല്ലാ മനുഷ്യരെ കുറിച്ചും അല്ലാഹു വിധി പറയും.

ഈ ദൈവികവിധിക്ക് ശേഷം, അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമങ്ങളിലേർപ്പെടുകയും ചെയ്യുവർ സ്വർഗത്തിൽ സന്തുഷ്ടവും ശാശ്വതവുമായൊരു ജീവിതത്തിലേക്ക് പ്രവേശിക്കും. അല്ലാഹുവിൽ അവിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യാതെ ദൈവത്തെ ധിക്കരിക്കുകയും ചെയ്യുവർ (അല്ലാഹു ഉദ്ദേശിച്ചാൽ) നരകാഗ്നിയിൽ എറിയപ്പെടും.



**6. വിധിയിലുള്ള വിശ്വാസം–** അല്ലാഹുവിന്റെ വിധിയിലും എല്ലാ കാര്യങ്ങളെക്കുറിച്ചുള്ള അവന്റെ പരമമായ അറിവിലുമുള്ള വിശ്വാസം.

അല്ലാഹുവിൽ വിശ്വസിക്കുന്നതിനാൽ, അവൻ വിധിക്കുന്ന ഏതൊരു കാര്യത്തിലും –നന്മയാവട്ടെ, തിന്മയാവട്ടെ– വിശ്വാസികൾ സന്തുഷ്ടരും സംതൃപ്തരും ആത്മവിശ്വാസമുള്ളവരുമാണ്. പ്രതിസന്ധികളും ബുദ്ധിമുട്ടുകളുമുണ്ടാകുമ്പോൾ സങ്കടമോ വിഷാദമോ നിരാശയോ ദുഃഖമോ ബാധിക്കാതിരിക്കാൻ അവർ ശ്രമിക്കുന്നു. പകരം, തങ്ങളുടെ സാഹചര്യം മെച്ചപ്പെടുത്താൻ സാധ്യമായതെല്ലാം ചെയ്യുകയും സഹായത്തിനും പിന്തുണക്കും പ്രതിഫലത്തിനും ആത്യന്തികമായി അല്ലാഹുവിനെ ആശ്രയിക്കുകയും ചെയ്യുന്നു.

വിപത്തുകളുടെയും കഷ്ടപ്പാടുകളുടെയും നടുക്കയത്തിലും അല്ലാഹുവിലും അവന്റെ വിധിയിലുമുള്ള മനോഹരമായ ഈ വിശ്വാസം മുസ്‌ലിംകൾക്ക് മനസ്സമാധാനവും സംതൃപ്തിയും നൽകുന്നു. ഇന്ന് ലോകത്ത് നടക്കുന്ന ആക്രമണങ്ങൾ, അധിനിവേശങ്ങൾ, പിടിച്ചടക്കലുകൾ, ഭൂമി, എണ്ണ, സമ്പത്ത് എന്നിവയുടെ ചൂഷണങ്ങൾ, അനീതി, പക്ഷപാതം, വിവേചനം, അപകീർത്തിപ്പെടുത്തൽ എന്നിവക്കൊക്കെ ഇരയാകുമ്പോഴും അവർ വിശ്വാസത്തിൽ മനസ്സമാധാനം കണ്ടെത്തുന്നു.





# ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ

വിശ്വാസം പ്രാവർത്തികമാക്കാനാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. പൊതുവെ, സൽകർമങ്ങൾ ചെയ്യുന്നതിനു പുറമേ, മുസ്‌ലിംകളും ഇസ്‌ലാം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരും ഈ അഞ്ച് അടിസ്ഥാന സ്തംഭങ്ങൾ പ്രാവർത്തികമാക്കേണ്ടതുണ്ട്:

**1. ശഹാദത്ത് (വിശ്വാസത്തിന്റെ സത്യസാക്ഷ്യം):**

ഈ സത്യസാക്ഷ്യം ഇസ്‌ലാമിന്റെ നെടും തൂണും ഇസ്‌ലാമിലേക്കുള്ള കവാടവുമാണ്.

അറബിയിൽ അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**

**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

അതിന്റെ അർത്ഥം:

**“അല്ലാഹു അല്ലാതെ ആരാധനക്കർഹനായ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.”**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസസാക്ഷ്യമാണിത്. ഇസ്‌ലാമിന്റെ സത്യത്തിന്റെയും സൗന്ദര്യത്തിന്റെയും ലാളിത്യ ത്തിന്റെയും സംഗ്രഹമാണിത്.





**2. നിസ്കാരം (പ്രാർത്ഥന):**

എല്ലാ മുസ്‌ലിംകളും നിർബന്ധമായും നിർവഹിക്കേണ്ട അഞ്ച് ദൈനംദിന പ്രാർത്ഥനകളാണ് നിസ്കാരങ്ങൾ. ആചാരപരമായ ഈ പ്രാർത്ഥനകളുടെ ഉള്ളടക്കം നിൽക്കുക, വണങ്ങുക, പ്രണമിക്കുക, ഖുർആനിന്റെ ഭാഗങ്ങൾ പാരായണം ചെയ്യുക, അല്ലാഹുവിനെ സ്തുതിക്കുകയും ഓർക്കുകയും ചെയ്യുക, അവന്റെ കാരുണ്യവും പാപമോചനവും സ്വർഗവും ചോദിക്കുക എന്നിവയാണ്.

പ്രാർത്ഥനകളുടെ സൗന്ദര്യവും ശക്തിയും നമുക്ക് ആത്മിക വളർച്ചയും മാനസിക ശാന്തിയും പിന്തുണയും നൽകുന്നതോടൊപ്പം നമ്മുടെ ആത്മാവുകൾക്കും മനസ്സുകൾക്കും ഹൃദയങ്ങൾക്കും ആശ്വാസവും സമാധാനവും സംതൃപ്തിയും നൽകുന്നു. രാപകലുകളിലുടനീളമുള്ള പ്രാർത്ഥനകൾ സദാ ദൈവസ്മരണ നിലനിർത്താനുതകുന്ന രീതിയിലാണ് ക്രമീകരിക്കപ്പെട്ടിട്ടുള്ളത്.

ആദം, നൂഹ്, ഇബ്രാഹീം, മൂസ, ഈസ, മുഹമ്മദ് എന്നിവരുൾപ്പെടെയുള്ള ദൈവദൂതന്മാരെല്ലാവരും ഏക സത്യദൈവമായ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തിരുന്നു എന്ന യാഥാർത്ഥ്യം പ്രാർത്ഥനയുടെ മാറ്റ് കൂട്ടുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, മുസ്‌ലിംകൾ ആ ദൈവദൂതന്മാരുടെ കാലടിപ്പാടുകൾ പിന്തുടരുകയാണ്.

ഇതിനൊക്കെ പുറമേ, ദൈവത്തോടുള്ള സ്നേഹം, സമർപ്പണം, വിധേയത്വം, അഭ്യർത്ഥന, ഒത്തൊരുമ, സമത്വം, ആത്മാർത്ഥത, ക്ഷമ, വിനയം, സൗമ്യത തുടങ്ങിയ നിരവധി മനോഹരമായ ആശയങ്ങൾ പ്രാർത്ഥനയിലൂടെ പ്രകടമാവുകയും പഠിക്കുകയും ചെയ്യുന്നു. തീർച്ചയായും, അല്ലാഹുവിനോട് മാത്രമുള്ള ആത്മാർത്ഥമായ പ്രാർത്ഥന, ദിക്ർ (ദൈവസ്മരണ), ഇസ്തിഗ്ഫാർ (പാപമോചനം തേടൽ), ദുആ (പ്രാർത്ഥന) എന്നിവ മനസ്സമാധാനം, ശാന്തി, അനുഗ്രഹങ്ങൾ എന്നിവയിലേക്കുള്ള അർത്ഥപൂർണവും അത്ഭുതകരവുമായ താക്കോലുകളാണ്.



**3. സകാത്ത് (ദാനധർമം):**

ഒരാളുടെ സമ്പത്തിന്റെ നിശ്ചിത ശതമാനം ദരിദ്രർക്കും പാവപ്പെട്ടവർക്കും നിർബന്ധമായും നൽകുന്നതാണ് സകാത്ത്. അത് നമ്മുടെ സമ്പത്തും ധനവും ശുദ്ധീകരിക്കുന്നതോടൊപ്പം അത്യാഗ്രഹത്തിൽ നിന്നും പിശുക്കിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു.

സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ പരസ്പര സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും ശക്തമായ പാലങ്ങൾ നിർമിക്കാനുതകുന്ന കരുതലും പങ്കുവെപ്പും അത് പഠിപ്പിക്കുന്നു. തീർച്ചയായും, അത് സമൂഹത്തിലൊന്നാകെ പിന്തുണയും സഹായവും സഹകരണവും ഐക്യദാർഢ്യവും വളർത്തുന്നു.





**4. നോമ്പ് (വ്രതം):**

ഇസ്‌ലാമിക മാസമായ റമളാനിലുടനീളം പ്രഭാതം മുതൽ പ്രദോഷം വരെ ഭക്ഷണപാനീയങ്ങളിൽ നിന്നും ലൈംഗിക ബന്ധങ്ങളിൽ നിന്നും വിട്ടുനിൽക്കുക എന്നതാണ് വ്രതം കൊണ്ട് അർത്ഥമാക്കുന്നത്. വ്രതത്തിന്റെ ചില മനോഹരമായ നേട്ടങ്ങളും അധ്യാപനങ്ങളും താഴെ പറയുന്നവയാണ്:

- **ആത്മിക നേട്ടങ്ങൾ:** വ്രതത്തിലൂടെ നമ്മൾ തഖ്‌വയും (ദൈവഭക്തി) ആത്മാർത്ഥതയും വികസിപ്പിക്കുന്നു. ദൈവത്തിന്റെ കാരുണ്യവും പാപമോചനവും നേടാനും നരകാഗ്നിയിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിലെ അനശ്വരജീവിതം കരസ്ഥമാക്കാനുമുള്ള മികച്ച അവസരമാണ് റമളാൻ വ്രതാനുഷ്ഠാനം നമുക്ക് നൽകുന്നത്.

- **ധാർമികവും വൈകാരികവുമായ നേട്ടങ്ങൾ:** ലോകത്തിന്റെ പല ഭാഗങ്ങളിലും ദശലക്ഷക്കണക്കിനാളുകൾ നിർബന്ധിതാവസ്ഥയിൽ അനുഭവിക്കേണ്ടി വരുന്ന വിശപ്പ്, റമളാൻ (നോമ്പ്), കാലഘട്ടത്തിൽ നമ്മൾ തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുന്നു. ഇത് പങ്ക് വെക്കാനും സഹാനുഭൂതി കാണിക്കാനും വിനയവും ഉദാരതയും ദയയുമുള്ളവരായിരിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു.

- **വൈജ്ഞാനിക നേട്ടങ്ങൾ:** വ്രതം നമ്മെ പല പാഠങ്ങളും പഠിപ്പിക്കുന്നു; ഉദാഹരണത്തിന്, അമിതാഹാരം പോലുള്ള ദുസ്സ്വഭാവങ്ങൾ മാറ്റാനോ ഉപേക്ഷിക്കാനോ കഴിയുമെന്ന് നമ്മൾ മനസ്സിലാക്കുന്നു. വ്രതം നമ്മുടെ പെരുമാറ്റം ചിട്ടപ്പെടുത്തുകയും ക്ഷമയും ആത്മനിയന്ത്രണവും നമ്മെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, മുഹമ്മദ്, മൂസ, ഈസ എന്നിവരെ പോലെയുള്ള ദൈവദൂതന്മാരൊക്കെ പതിവായി വ്രതം അനുഷ്ഠിച്ചിരുന്നുവെന്ന് ഇത് നമ്മെ ഓർമിപ്പിക്കുന്നു.

- **ആരോഗ്യ ഗുണങ്ങൾ:** വ്രത പ്രക്രിയയിലൂടെ ശരീരം വിഷവസ്തുക്കളെയും അമിത കൊഴുപ്പുകളെയും പുറന്തള്ളുന്നു. ഡോക്ടർമാരും പോഷകാഹാര വിദഗ്ധരും വ്രതത്തെ ദുർമേദസ്സുകളുടെ അന്തകനായും ശമന ചികിത്സയായും വിശേഷിപ്പിച്ച് പലപ്പോഴും അത് ശുപാർശ ചെയ്യാറുണ്ട്. വിവിധ രോഗങ്ങൾക്കുള്ള പ്രതിവിധിയായി വ്രതം അംഗീകരിക്കപ്പെടുന്നു.


Namirah Mosque
Mosquée De Namira
Nemire Mescidi
مسجد نمرة
مسجد نمرة

**5. ഹജ്ജ് (തീർത്ഥാടനം):**
ശാരീരികമായും മാനസികമായും സാമ്പത്തികമായും കഴിവുള്ളവരാണെങ്കിൽ ഓരോ മുസ്‌ലിമും തന്റെ ജീവിതത്തിലൊരിക്കലെങ്കിലും നിർവഹിക്കേണ്ട മക്കയിലേക്കുള്ള തീർത്ഥാടനമാണ് ഹജ്ജ്.

ഇസ്‌ലാമിന്റെ മറ്റ് സ്തംഭങ്ങളും തത്വങ്ങളും പോലെ, ഹജ്ജിന്റെ സൗന്ദര്യങ്ങളും പാഠങ്ങളും നേട്ടങ്ങളും നിരവധിയാണ്. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് വിശ്വാസികൾ, വംശ-വർണ്ണ ഭേദമന്യേ ഇബ്രാഹീം പ്രവാചകന്റെ വിളിക്ക് ഉത്തരം നൽകുന്നു. ഹജ്ജിന്റെ പല ചടങ്ങുകളും ബന്ധപ്പെട്ടിരിക്കുന്നത് ഇബ്രാഹീം നബി (ഭാര്യ ഹാജറിനും മകൻ ഇസ്മാഈലിനുമൊപ്പം) യുമായാണല്ലോ. അല്ലാഹുവിനോടുള്ള വിധേയത്വം, അനുസരണ, ഇസ്‌ലാമിലെ സാഹോദര്യം, ഐക്യം, ക്ഷമ, ത്യാഗം, പ്രാർത്ഥന, ദാനധർമം, വ്രതം എന്നിവയുൾപ്പെടെയുള്ള അത്ഭുതകരമായ തത്വങ്ങളും ആശയങ്ങളും ഹജ്ജ് വേളയിലെ പ്രവർത്തനങ്ങളിൽ കാണാൻ കഴിയും. വർഷത്തിലൊരിക്കൽ അരങ്ങേറുന്ന ഹജ്ജ് കർമം ലോകത്തിലെ ഏറ്റവും വലുതും അതുല്യവുമായ മതസമ്മേളനത്തിനാണ് വേദിയാവുന്നത്.

എല്ലാവരും ഒരേയൊരു ദൈവത്തെ മാത്രം സേവിക്കുകയും ഒരെയൊരു സന്ദേശം മാത്രം പിന്തുടരുകയും ചെയ്യുന്ന, വംശ-വർണ്ണ ഭേദമന്യേയുള്ള ശ്രദ്ധേയമായ ഈ ഒത്തുചേരലിനിടയിലാണ്, മാൽക്കം എക്സിനെ പോലുള്ളവർ യഥാർത്ഥ വിശ്വാസത്തിന്റെയും ഇസ്‌ലാമിക സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സൗന്ദര്യം കണ്ടെത്തിയത്.

മാൽക്കം എക്സ് പറയുന്നു: **"എന്റെ തീർത്ഥാടനം എന്റെ സാധ്യതകൾ വിശാലമാക്കി. അതൊരു പുതിയ ഉൾക്കാഴ്ച നൽകി എന്നെ അനുഗ്രഹിച്ചു. മുപ്പത്തിയൊൻപത് വർഷമായി ഇവിടെ അമേരിക്കയിൽ ഞാൻ ഒരിക്കലും കാണാത്ത കാഴ്ച വിശുദ്ധ ഭൂമിയിലെ രണ്ടാഴ്ച കൊണ്ട് ഞാൻ കണ്ടു. നീലക്കണ്ണുള്ള സുന്ദരികൾ മുതൽ കറുത്ത തൊലിയുള്ള ആഫ്രിക്കക്കാർ വരെ എല്ലാ വംശങ്ങളും, വർണങ്ങളും യഥാർത്ഥ സാഹോദര്യത്തിൽ, ഐക്യത്തിൽ, ഒന്നായി ജീവിച്ച്, ഒന്നായി ആരാധിക്കുന്നത് ഞാൻ കണ്ടു"**
(മാൽക്കം എക്സിന്റെ ആത്മകഥ)

# പ്രധാന ഇസ്ലാമിക സംജ്ഞകളുടെ നിർവചനങ്ങൾ

സ്രഷ്ടാവായ ഏക സത്യദൈവത്തിന്റെ അറബിയിലുള്ള നാമമാണ് **അല്ലാഹു.** സകല മനുഷ്യരുടെയും യഥാർത്ഥ ദൈവമാണ് അല്ലാഹു എന്ന് ഇസ്ലാം പഠിപ്പിക്കുന്നു.

ഏക സത്യദൈവമായ സ്രഷ്ടാവായ അല്ലാഹു, മനുഷ്യകുലത്തിലേക്കൊന്നടങ്കം അയച്ച അന്ത്യദൂതനാണ് **മുഹമ്മദ്.** അല്ലാഹുവിനെ മാത്രം ആരാധിക്കാൻ എല്ലാ ജനങ്ങളോടും മുഹമ്മദ് കൽപിച്ചു.

ഏക സത്യദൈവമായ അല്ലാഹുവിനായുള്ള സമർപ്പണമാണ് **ഇസ്ലാം.**

ഏക സത്യദൈവമായ അല്ലാഹുവിന്റെ ഹിതത്തിന് സ്വയം സമർപ്പിക്കുന്നവനും അവനെ മാത്രം ആരാധിക്കുന്നവനുമാണ് **മുസ്ലിം.**

**വിശുദ്ധ ഖുർആൻ,** മുഹമ്മദ് നബിക്ക് അവതരിച്ച അന്തിമ വേദഗ്രന്ഥമാണ്.

മുസ്ലിംകൾ മുഖ്യമായും പ്രാർത്ഥനക്കും ആരാധനാമുറകൾക്കുമായി ഉപയോഗിക്കുന്ന ശുദ്ധിയും വൃത്തിയുമുള്ള സ്ഥലമാണ് **പള്ളി (മസ്ജിദ്).**


അല്ലാഹു അറബിയിൽ


മുഹമ്മദ് അറബിയിൽ


വിശുദ്ധ ഖുർആൻ


അല്ലാഹുവിനോട്
പ്രാർത്ഥിക്കുന്ന മുസ്ലിം

# സത്യസാക്ഷ്യവചനം
## (ഇസ്‌ലാമിലേക്കുള്ള കവാടം)

"അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു." അറബിയിൽ അത് ഇങ്ങനെ വായിക്കാം:

أَشْهَدُ أَنْ لَا إِلَٰهَ إِلَّا ٱللَّٰهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ ٱللَّٰهِ

അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.






GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം: AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب أبجديات الإسلام باللغة المالايالامية